# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3412

08.11.2019 ൽ മറുപടിക്ക്.

## മുറ്റത്തെ മുല്ല

| ചോദ്യം<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൊള്ളപ്പലിശക്കാരിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുവാനായി മുറ്റത്തെ മുല്ല എന്ന പേരിൽ ഗ്രാമീണ വായ്പാ പദ്ധതി കുടുംബശ്രീ യൂണിറ്റുകളിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br><br>വായ്പ എടുക്കുന്നതിന് വ്യവസ്ഥാപിത മാർഗ്ഗങ്ങളോട് വിമുഖത കാണിക്കുന്ന ഗ്രാമീണ ജനതയെ അവരുടെ വീട്ടുമുറ്റത്തെത്തി ഏറ്റവും ലളിതമായ വ്യവസ്ഥയിൽ കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകി സഹായിക്കുക എന്നതാണ് 'മുറ്റത്തെ മുല്ല' എന്ന പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. ജില്ലയിലെ കുടുംബശ്രീ പ്രസ്ഥാനത്തിനും പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഗ്രാമീണ മേഖലയിലെ പിന്നോക്കാവസ്ഥയിലായ ജനവിഭാഗത്തിനും ഏറെ പ്രയോജനകരമായ ടി പദ്ധതി മുഖേന ഓരോ പ്രദേശത്തെയും ആവശ്യക്കാരുടെ എണ്ണമനുസരിച്ച് ഓരോ വാർഡിലേയും 1 മുതൽ 3 വരെ കുടുംബശ്രീ അയൽക്കൂട്ടങ്ങളെ പ്രാഥമിക സഹകരണ സംഘങ്ങൾ തെരഞ്ഞെടുത്ത്, 10 ലക്ഷം രൂപവരെ വായ്പയായി നൽകുകയും, ഈ അയൽക്കൂട്ടങ്ങൾ വഴി സാധാരണക്കാർക്ക് കുറഞ്ഞ പലിശയിൽ വായ്പ ലഭ്യമാക്കുകയുമാണ് ചെയ്തുവരുന്നത്. (ബാങ്ക് അയൽകൂട്ടത്തിന് 9% പലിശയും അയൽകൂട്ടം വ്യക്തികൾക്ക് 12% പലിശയുമാണ് വായ്പ നൽകുന്നത്). ഇതുവരെ 1,675 അയൽക്കൂട്ടങ്ങളിലെ 49,808 പേർക്ക് 14,950.12 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |
| (ബി) | നിലവിൽ എല്ലാ ജില്ലകളിലെയും കുടുംബശ്രീ യൂണിറ്റുകളിലും ഈ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലായിടത്തും ഇത് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | (ബി) | ആദ്യ ഘട്ടത്തിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതി തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോട്ടയം, മലപ്പുറം,വയനാട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തു. പത്തനംതിട്ട, ആലപ്പുഴ, കോഴിക്കോട് എന്നീ ജില്ലകളിൽ ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരികയുമാണ്. |

സെക്ഷൻ ഓഫീസർ